## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പ്രകാരമുള്ള നിർമ്മാണപ്രവൃത്തികൾ

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 702

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.സത്യൻ<br>,, ജെയിംസ് മാത്യു<br>,, കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.കെ.കെ.ലതിക | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഗ്രാമീണറോഡുകളുടെ വികസനപദ്ധതികൾ പുരോഗമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിലെ തടസ്സങ്ങൾക്കുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽ നിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ ഉറപ്പിൻമേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ഉയർന്ന വിലയും കാരണം പലപ്പോഴും ആവശ്യമായ ഭൂമി പ്രവൃത്തി തുടങ്ങുമ്പോൾ ലഭിക്കാറില്ല. |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട റോഡുകളിലെ യൂട്ടിലിറ്റികൾ ബന്ധപ്പെട്ട വകുപ്പ്/ഏജൻസികൾ സമയബന്ധിതമായി മാറ്റിസ്ഥാപിക്കാത്തതിനാൽ പല റോഡുകളുടെയും നിർമ്മാണം യഥാസമയം മുന്നോട്ടു കൊണ്ടുപോകുന്നതിനും കരാർ പ്രകാരമുള്ള കാലാവധിയിൽ പണി പൂർത്തിയാക്കുന്നതിനും തടസ്സം നേരിടാറുണ്ട്. പാരിസ്ഥിതിക കാരണങ്ങളാൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യതകുറവ്, ഇവകൊണ്ടു പോകുന്നതിനുള്ള നിയന്ത്രണം എന്നിവ മൂലവും ഈ പ്രദേശങ്ങളിൽ ഇവയ്ക്ക് നൽകേണ്ടി വരുന്ന ഉയർന്ന വിലയും ഏറ്റെടുത്ത പല പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഇതേ കാരണം കൊണ്ടുതന്നെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ തട്ടുകളിലെ ഉയർന്ന ഗുണനിലവാര പരിശോധന, കരാറുകാരെ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നില്ല. |
| (ബി) | പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനപ്രകാരം സംസ്ഥാനത്ത് ആദ്യഘട്ട നിർമ്മാണപ്രവൃത്തികൾ ഏതുവരെയായി എന്നും എന്നത്തേ | (ബി) | പി.എം.ജി.എസ്.വൈ ആദ്യഘട്ട പദ്ധതി പ്രകാരം ആകെ 1430 റോഡുകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 848 റോഡുകൾ |

| | | | |
|---|---|---|---|
| | യ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ; | | പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 223 റോഡുകളാണ് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്. വിവിധ കാരണങ്ങളാൽ വിവിധ ഘട്ടങ്ങളിലായുള്ള 68 റോഡുകൾ മുടങ്ങിക്കിടക്കുന്നത് പുനരുദ്ധരിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവയുൾപ്പെടെ 357 റോഡുകൾക്ക് കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. കരാർ ഉറപ്പിച്ച് വിവിധ ഘട്ടങ്ങളിലായി ഇപ്പോൾ പുരോഗ മിക്കുന്ന റോഡുകൾ 2015 ഡിസംബ റോടുകൂടി പൂർത്തീകരിക്കുന്നതാണ്. |
| (സി) | പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (PMGSY-II) ഇപ്പോൾ ഒരു റോഡിനും അനുമതി ലഭിച്ചിട്ടില്ല. എന്നാൽ പി.എം.ജി.എസ്. വൈ.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 570 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്കജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടിയുടെ മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്ന നടപടി ജില്ലകളിൽ പുരോഗമിക്കുകയാണ്. ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കി കേന്ദ്രസർക്കാർ അവയ്ക്ക് അംഗീകാരം നൽകിയ ശേഷമാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. പദ്ധതിയുടെ |
| (ഡി) | രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ പദ്ധതി റിപ്പോർട്ടുകളും പ്ലാനുകളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | |

| | | | |
|---|---|---|---|
| | | | രണ്ടാം ഘട്ട നിർമ്മാണത്തിനാവശ്യമായ പ്ലാനുകളും റിപ്പോർട്ടുകളും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടില്ല. ഇതുസംബന്ധിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രത്തിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ